3933
26/2/20

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല – കവളപ്പാറ ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർ, പുഴ ഗതിമാറി ഒഴുകിയതിനെ തുടർന്ന് വാസയോഗ്യമല്ലാതായവർ , ജിയോളജി ടീം മാറ്റി പാർപ്പിക്കുന്നതിന് ശുപാർശ ചെയ്ത കുടുംബങ്ങൾ എന്നിവർക്ക് വാസയോഗ്യമായ സ്ഥലം വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം. 777/2020 /റവ. തിരുവനന്തപുരം, തീയതി, 25.02.2020**

==========================================================================

പരാമർശം:- 05.02.2020 തീയതിയിലെ സ.ഉ. (സാധാ) നം. 151/2020/ഡിഎംഡി

**<u>ഉത്തരവ്</u>**

2019 ലെ പ്രളയത്തിലും അതിനെ തുടർന്ന് ഉണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം മലപ്പുറം ജില്ലയിലെ മലയോരമേഖലയിലും മറ്റ് ചില പ്രദേശങ്ങളിലും വ്യാപകമായി നാശനഷ്ടങ്ങളും ജീവഹാനിയും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ ചില പ്രദേശങ്ങളിൽ നിന്നും ആളുകളെ മാറ്റി പാർപ്പിക്കുവാൻ ജിയോളജി ടീം ശുപാർശ ചെയ്ത 462 കുടുംബങ്ങൾക്ക് വാസയോഗ്യമായ സ്ഥലം വാങ്ങുന്നതിലേയ്ക്കായി 27,72,00,000/- രൂപ (ഇരുപത്തി ഏഴ് കോടി എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ലെ പ്രളയത്തിലും അതിനെ തുടർന്ന് ഉണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട 462 കുടുംബങ്ങൾക്ക് വാസയോഗ്യമായ സ്ഥലം വാങ്ങുന്നതിലേയ്ക്കായി 6 ലക്ഷം രൂപ വീതം ആകെ 27,72,00,000/- രൂപ (ഇരുപത്തി ഏഴ് കോടി എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **27,72,00,000/- രൂപ (ഇരുപത്തി ഏഴ് കോടി എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം )** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വി.വേണു**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

T. [signature]

സെക്ഷൻ ഓഫീസർ